**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** | **14-09-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായ മേഖലകളെ ആശ്രയിക്കുന്ന തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലകളെ ആശ്രയിച്ച് തൊഴിൽ ചെയ്തു വരുന്നവരുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ആകെ 63460 ലൈവ് അംഗങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>**കശുവണ്ടി വികസന** കോർപ്പറേഷനിൽ 11000 ദിവസശമ്പള തൊഴിലാളികളും 682 സ്റ്റാഫ് ജീവനക്കാരും ഉൾപ്പെടെ 11682 പേർ ജോലി ചെയ്തുവരുന്നു.<br><br>കശുവണ്ടി വ്യവസായ മേഖലയിലെ **കാപ്പെക്സിലെ** പത്ത് ഫാക്ടറികളിലും, പായ്ക്കിംഗ് സെന്ററിലുമായി തൊഴിലാളികളായും സ്റ്റാഫുകളായും 3900 ത്തോളം പേർ ജോലി ചെയുന്നു.<br><br>പരമ്പരാഗത മേഖലയായ **ഖാദി** മേഖലയിൽ 12500 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.<br><br>**കരകൗശല മേഖലയിൽ** നേരിട്ടും അല്ലാതെയും ഏകദേശം 10000ത്തോളം കരകൗശല തൊഴിലാളികൾ പ്രവർത്തിക്കുന്നു.<br><br>**ആർട്ടിസാന്മാരുടെ** ലേബർ ഡാറ്റാ ബാങ്കിൽ നിലവിൽ 19,583 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>2022 ലെ ഇക്കണോമിക് റിവ്യൂ തയ്യാറാക്കുന്നതിനായി ജില്ലകളിൽ നിന്നും ശേഖരിച്ച കണക്കുകൾ പ്രകാരം കേരളത്തിലെ പരമ്പരാഗത വ്യവസായമായ **കൈത്തറി** മേഖലയിൽ 14,456 നെയ്ത്തുകാർ ജോലി ചെയ്ത് വരുന്നു.<br><br>**ബാംബൂ കോർപ്പറേഷന** കീഴിൽ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത്, കുട്ട, വട്ടി, മുറം നെയ്ത്ത് മേഖലകളിലായി തൊഴിലാളികൾ ഏകദേശം 10,000-ത്തോളം വരും.<br><br>**കയർ** വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കയർ തൊഴിലാളി |

| | | | |
|---|---|---|---|
| | | | ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് അംശദായം ഒടുക്കി വരുന്ന 101473 തൊഴിലാളികൾ നിലവിൽ ഉണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് ശരാശരി എത്ര രൂപ വരെ മാസവരുമാനം ലഭിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ; | (ബി) | ഒരു കശുവണ്ടി തൊഴിലാളിയ്ക്ക് പരമാവധി തൊഴിൽ ദിനങ്ങളും, അസംസ്കൃത വസ്തുവും ലഭ്യമെങ്കിൽ 8000 ത്തിനും 9000ത്തിനും ഇടയിൽ മാസവേതനം അനുസരിച്ചുള്ള പി.എഫ്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങളും ലഭിയ്ക്കുന്നതാണ്. വേതന ത്തിന്റെ വിശദാംശം ചുവടെ പറയുന്നു.<br><br>**ഷെല്ലിംഗ്-** 1കി.ഗ്രാം ഷെല്ല ചെയ്യുന്നതിന് 36.19+ ഡി.എ. ഒരു തൊഴിലാളി ഒരു ദിവസം ശരാശരി 8കി.ഗ്രാം ചെയ്താൽ 36.19x8= 289.52+76.41=365.93/-രൂപ<br><br>**പീലിംഗ്-**1കി.ഗ്രാം തോട്ടണ്ടി പീലിംഗ് ചെയ്യുന്നതിന് 46.03+ ഡി.എ. ഒരു തൊഴിലാളി ഒരു ദിവസം ശരാശരി 6കി.ഗ്രാം ജോലി ചെയ്താൽ 46.03x6=276.18+76.41=352.59/-രൂപ<br><br>**ഗ്രേഡിംഗ്- ദിവസവേതനം** 285+ ഡി.എ ഒരു ദിവസം ശരാശരി 285+76.41=361.41/-രൂപ<br><br>**ചുമട്ടു തൊഴിലാളി-** ദിവസവേതനം 345.75+ ഡി.എ. ഒരു ദിവസം ശരാശരി 345.75+76.41=422.16/-രൂപ<br><br>**മൈക്കാട്-** ദിവസവേതനം 312+ഡി.എ. ഒരു ദിവസം ശരാശരി 312+76.41=388.41/-രൂപ<br><br>**ഖാദി** തൊഴിലാളികൾക്ക് മിനിമം വേതനം ഉൾപ്പെടെ ഏകദേശം 12,000/- (പന്ത്രണ്ടായിരം) രൂപ വരെ മാസം ലഭിക്കുന്നുണ്ട്.<br><br>**കരകൗശല മേഖലയിൽ** പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ശരാശരി 20000/-രൂപയാണ് മാസവരുമാനം.<br><br>പരമ്പരാഗത **കൈത്തറി** മേഖലയെ ആശ്രയിച്ച് ജോലിചെയ്യുന്ന നെയ്ത്തുകാർ അനുബന്ധ തൊഴിലാളികൾ എന്നിവർക്ക് ശരാശരി 325 രൂപ ദിവസ വരുമാനം ലഭിക്കുന്നുണ്ട്. നെയ്ത്ത് തൊഴിലാളികൾക്ക് അവർ നെയ്യുന്ന തുണിയുടെ അളവിനനുസരിച്ചാണ് (മീറ്ററിന്) കൂലി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം ഒരു മാസം ശരാശരി 7500 മുതൽ 10500 രൂപ വരെ ഓരോ നെയ്ത്തുകാരനും മാസ വരുമാനം ലഭിക്കുന്നുണ്ട്.<br><br>**ബാംബൂ കോർപ്പറേഷന** കീഴിൽ വരുന്ന നെയ്ത്ത് തൊഴിലാളികൾക്ക് ശരാശരി മാസവരുമാനം 6000/- |

| | | | |
|---|---|---|---|
| | | | രൂപ ലഭിക്കും.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ആർട്ടിസാൻമാർക്ക് ശരാശരി 750 രൂപ ദിവസ വേതനം നൽകിയിട്ടുണ്ട്.<br><br>**കയർ** തൊഴിലാളികൾക്ക് കുറഞ്ഞത് 7000/- രൂപ വരെ മാസ വരുമാനം ലഭിക്കും. |
| (സി) | പരമ്പരാഗത വ്യവസായ മേഖലയിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്നവരുടെ ഉന്നമനത്തിനും വരുമാന വർദ്ധനവിനുമായി സർക്കാർ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തിന്റെ പ്രോൽസാഹനത്തിനായി പ്രത്യേക പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനും ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നൽകുവാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോൽസാഹന പദ്ധതികൾ നടപ്പിലാക്കുന്ന തിനുമായി 30 കോടിയും ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനമൂലധനവും ആധുനീകവൽക്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകുന്നതിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും 7 കോടി രൂപയും 2022-23 ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണങ്ങൾ വ്യവസായികളിലേയ്ക്ക് എത്തിക്ക ന്നതിനായി അർഹരായ കശുവണ്ടി വ്യവസായികളിൽ നിന്നും അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലേയ്ക്ക് സമർപ്പിക്ക ന്നതിന്, കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ കശുവണ്ടി വ്യവസായികളുടെ യോഗം വിളിച്ച് ചേർക്കുകയും അഡീഷണൽ ഡയറക്ടർ (ഇൻഡസ്ട്രീസ്) പദ്ധതി വിശദീകരിക്കുകയും അപേക്ഷകൾ സ്വീകരി ക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടത്തി വരുന്നു. 2023-24 വർഷം കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി പുനരുജ്ജീവന പാക്കേജിന് 30 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>കശുവണ്ടി വ്യവസായ മേഖലയിൽ മിനിമം കൂലി പുതുക്കുന്നതിനായി സർക്കാർ മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റി മിനിമം വേജസ് വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. പുതുക്കിയ മിനിമം വേജസ് നിലവിൽ വരുന്നതോടെ **കശുവണ്ടി വികസന** കോർപ്പറേഷനിൽ ജോലി ചെയ്തു വരുന്നവരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. |

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം, ഭാഗീക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. കശുവണ്ടി ഫാക്ടറി കളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം, ഭാഗീക യന്ത്രവത്ക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് ഭാഗീക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ് റൂം, വായനാ മുറി, ആധുനിക സൗകര്യങ്ങളോടു കൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.ടി.വി സർവൈലൻസ് ക്യാമറകൾ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നിവയാണ് കശുവണ്ടി വികസന കോർപ്പറേഷൻ നടപ്പിൽ വരുത്തിയിട്ടുള്ള നവീകരണ, യന്ത്രവത്ക്കരണ നടപടികൾ. പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് കോർപ്പറേഷനിൽ ഷെല്ലിംഗിൽ കൂടുതൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള പ്രോസ്സസിംഗ് സംവിധാനത്തിന് സമാന്തരമായി 5 ഫാക്ടറികളിൽ Fully mechanised processing ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ **മുള മേഖലയെ** പുനരുജ്ജീവിപ്പിക്കുന്നതിനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമന പാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ വ്യവസായ

വകുപ്പിന് കീഴിൽ രൂപീകരിച്ച്, **കേരള ബ്യൂറോ ഓഫ്** ഇൻഡ്രസ്ട്രിയൽ പ്രൊമോഷനിൽ (കെ-ബിപ്പ്) പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധരുടെയും സംരംഭകരുടെയും വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്ന തിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക മികവ് വർദ്ധിപ്പിക്കുക, സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ അന്തർദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്. 2004 ൽ ആണ് ആദ്യമായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചത്. എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ മുള കരകൗശലക്കാർ, സംരംഭകർ എൻ.ജി.ഒ/സൊസൈറ്റി/ഗ്രൂപ്പുകൾ കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരകൗശല തൊഴിലാളികൾ ഗ്രൂപ്പുകൾ/ എൻ.ജി.ഒ./ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിലൂടെ ആർജ്ജിക്കുന്ന വാണിജ്യപരമായ നേട്ടം കാരണം ഇവരുടെ പങ്കാളിത്തം ഓരോ വർഷവും

വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. മുന്നൂറോളം പേർ ഈ മേളയിൽ പങ്കെടുക്കാറുണ്ട്. പുതിയ സാങ്കേതിക വിദ്യയും ഓൺലൈൻ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരികയാണ്. മുള അനുബന്ധ മേഖലയിൽ നിന്നുള്ള വിവിധങ്ങളായ കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, ഫർണിച്ചറുകൾ, ഭവന നിർമ്മാണത്തിനു വേണ്ടി ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങൾ, മുള ഉൽപ്പന്ന നിർമ്മാണ രീതികൾ, അതിന് അനുയോജ്യമായ

ഉപകരണങ്ങൾ തുടങ്ങി മുള മേഖലയിലെ മുഴുവൻ ഉൽപ്പന്നങ്ങളും അവയുടെ സാധ്യതകളും ഈ

മേളയിൽ അവതരിപ്പിക്കപ്പെടുന്നു. ഇരുപതാമത് ബാംബൂ ഫെസ്റ്റ് 2023 ഡിസംബർ 3 മുതൽ 10 വരെ കൊച്ചി മറൈൻ ഡ്രൈവിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ അന്തർദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ പ്രതിനിധികളെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുവാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/ കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർക്കും, കലാകാരന്മാർക്കും, സംരംഭകർക്കും തങ്ങളുടെ ഉത്പന്നങ്ങളെ വൈവിധ്യവത്കരിക്കുന്നതിനും മികച്ച വിപണി ലഭ്യത ഉറപ്പു വരുത്തുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് വിവിധ പരിപാടികളും വേദികളും ഒരുക്കി നൽകുന്നു. അതിന്റെ ഭാഗമായി ദേശീയ തലത്തിൽ നിന്നുള്ള വിവിധ പ്രൊഫഷണൽ ഡിസൈനർമാരുമായി സഹകരിച്ച് കേരളത്തിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് മാത്രമായി 'കേരള ഡിസൈൻ കോൺക്ലേവ്' 2024 ജനുവരിയിൽ എറണാകുളത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഗോൾഡ് അപ്രൈസർ സബ് സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം **കാഡ്കോ** നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി Gem and Jewellery Skill Council of India, National

| | | | |
|---|---|---|---|
| | | | Council of Vocational Training എന്നിവയുമായി ചേർന്ന് നടത്തുന്ന പ്രോഗ്രാം 14 ജില്ലകളിൽ നിന്ന് ആദ്യഘട്ടത്തിൽ 420 പരമ്പരാഗത ആർട്ടിസാന്മാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഉദ്ദേശിയ്ക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കാഡ്കോയും Govt.of India യുടെ GJSCIയുമായി സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്ന തിനും കാഡ്കോ ലക്ഷ്യമിടുന്നു. ടി സർട്ടഫിക്കറ്റ് ഉപയോഗിച്ച് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ പരമ്പരാഗത സ്വർണ്ണതൊഴിലാളികൾക്ക് അപ്രൈസർമാരായി തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. 2021-2031 വരെയുള്ള കാലയളവിലേയ്ക്ക് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതു സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ലക്ഷ്യമിടുന്നു.<br><br>**ഖാദി നൂല്പ്-നെയ്ത്ത്** ഉപകരണങ്ങൾ നവീകരിച്ച് അധ്വാനഭാരം കുറക്കുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ ഖാദി ബോർഡിൽ നടന്നു വരുന്നു.<br><br>**കൈത്തറി** മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കു ന്നതിനുമായി 20/07/2022ലെ സ.ഉ(സാധാ) നമ്പർ.730/2022/ ഐ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു അഞ്ചംഗ വിദഗ്ധ സമിതി<br><br>രൂപീകരിച്ചിട്ടുണ്ട്.<br><br>**കയർ മേഖലയിലും** ആവശ്യമായ യന്ത്ര വത്കരണം നടപ്പിലാക്കുന്നതിനോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br><br>അന്താരാഷ്ട്ര വിപണിയുടെ ആവശ്യകതകൾക്കനുസൃതമായ നവീന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള മേൽ പരിശീലന പരിപാടി തയ്യാറാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കയറ്റുമതിക്കാർ, പരമ്പരാഗത തൊഴിലാളികൾ എന്നിവരുടെ ഒരു സംയോജിത വർക്ക്ഷോപ്പ് 26.07.2023 ൽ നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ